## കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി – (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) – 2023

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ കർമ്മപദ്ധതിയുടെ ഭാഗമായി പ്രാഥമിക ബാങ്കുകളുടെ കുടിശ്ശിക ശതമാനം കുറച്ചുകൊണ്ടു വരുന്നതിനും നിഷ്ക്രിയ ആസ്തി താഴ്ത്തികൊണ്ടുവരുന്നതിനുമായി നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി – 2023(OTS 2023) നടപ്പിലാക്കുവാൻ തീരുമാനിച്ചു.

### I. പദ്ധതിയുടെ കാലാവധി

01.02.2023 മുതൽ 31.03.2023 വരെയുള്ള കാലയളവിൽ മാത്രമായിരിക്കും പദ്ധതി നിലവിലുണ്ടാവുക.

### II. പദ്ധതി ബാധകമാകുന്ന വായ്പകൾ

a. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ വഴി വിതരണം ചെയ്ത 31.01.2023 വരെ കുടിശ്ശികയായ ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭ്യമാകുന്നതായിരിക്കും.

b. സാധാരണ വായ്പ, കാർഷിക കാർഷികേതര വായ്പ (NFS) ഭവന വായ്പ, Consumer, 2nd hand vehicle , Jewel purchase loan, Traders, NCDC KCC, NABARD KCC വായ്പകൾ ഇവ ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്താവുന്നതാണ്. ഇതോടൊപ്പം ഗഹാൻ കാലാവധി കഴിഞ്ഞ Cash Credit വായ്പകൾ കൂടി ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുന്നതാണ്. Cash Credit വായ്പയിലെ മുതൽ പലിശ ബാക്കി നിൽപ്പ് കണക്കാക്കുന്നത് സംബന്ധിച്ച് വായ്പ ഉപനിബന്ധന വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.

c. കുടിശ്ശികയായതു കാരണം foreclose ചെയ്ത വായ്പകളും ജപ്തി നടപടി തുടങ്ങിയ വായ്പകളും ജപ്തി നടത്തി സെയിൽ കൺഫർമേഷൻ കിട്ടിയ വസ്തുക്കളും ഈ പരിധിയിൽ വരുന്നതാണ് ഇത്തരം കേസുകളിൽ ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങി ടി വസ്തുക്കൾ യഥാർത്ഥ ഉടമസ്ഥന് തിരികെ നൽകാവുന്നതാണ്.

d. (i) മുൻകാലങ്ങളിൽ ഇത്തരം പദ്ധതികളിൽപ്പെടുത്തി ആയതു വരെയുള്ള കുടിശ്ശിക മുതലും പലിശയും ഇളവുകളോട് കൂടി അടച്ചു തീർക്കുകയും ആയതിനുശേഷം വീണ്ടും ക്രമമായി അടയ്ക്കാതിരിയ്ക്കുകയും ചെയ്യുന്ന വായ്പക്കാർക്കും, തുടർച്ചയായി അദാലത്തിൽ ഹാജരാകുകയും അദാലത്ത് തീരുമാനമനുസരിച്ച് പ്രവർത്തിക്കാതെ വരികയും ചെയ്യുന്ന വായ്പക്കാർ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല.

**e**. ഏതെങ്കിലും നീതിന്യായ കോടതിയുടെ പരിഗണനയിലിരിക്കുന്ന വായ്പകളും ഉഭയകക്ഷി സമ്മതപ്രകാരം തീർപ്പ് കല്പിക്കണമെങ്കിൽ ടി വായ്പാ കണക്കുളും ഈ പദ്ധതിയിൽ കീഴിൽ ഉൾപ്പെടുത്താവുന്നതാണ്. അപ്രകാരം തീർപ്പാക്കിയ വിവരം കോടതിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

f. കൂടുതൽ കാലപ്പഴക്കമുള്ള ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ഉൾപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതും പരമാവധി തീർപ്പാക്കേണ്ടതുമാണ്. ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് സെയിൽ ആഫീസറുടെ ചുമതലയാണ്. ഏതെങ്കിലും കാരണവശാൽ ഫയലുകൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന് പിന്നീട് ശ്രദ്ധയിൽപ്പെടുന്നപക്ഷം ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്.

III. <u>പദ്ധതിയുടെ പ്രവർത്തന രീതി</u>

31.01.2023 വരെ കുടിശ്ശികയായിട്ടുള്ള വായ്പകളിൽ മുഴുവൻ പിഴപ്പലിശയും മറ്റ് അനാമത്ത് ചെലവുകളും ഒഴിവാക്കി കുടിശ്ശികയായ ദിവസം മുതൽ താഴെപ്പറയുന്ന നിരക്കോ ഗഹാൻ നിരക്കോ ഏതാണ് കുറവ് ആ നിരക്കിൽ കുടിശ്ശികയായ മുതലും പലിശയും ഒന്നിച്ചടച്ച് വായ്പ റെഗുലറൈസ് ചെയ്യാവുന്നതാണ്. പ്രാഥമിക ബാങ്കുകൾ ലേലത്തിൽ പിടിച്ച ലേല വസ്തു യഥാർത്ഥ വായ്പക്കാരൻ ലേല സംഖ്യയോടൊപ്പം 5% പലിശയും (ലേലം പിടിച്ച തീയതി മുതൽ അടയ്ക്കുന്ന തീയതി വരെ) അടയ്ക്കുകയാണെങ്കിൽ ജോയിന്റ് രജിസ്ട്രാറുടെ അനുവാദത്തോടുകൂടി ടി വസ്തു ടിയാന് തിരികെ നൽകാവുന്നതാണ്. (പദ്ധതി നടപ്പിലാക്കുന്നതുമൂലം പ്രാഥമിക ബാങ്കുകൾക്ക് ഉണ്ടാകുന്ന നഷ്ടം കേന്ദ്ര ബാങ്ക് വഹിക്കുന്നതല്ല)

IV a. സാധാരണ വായ്പ, പദ്ധതിവായ്പ, പദ്ധതിയേതര വായ്പകൾ, (നബാർഡ് ധനസഹായം ഉള്ള വായ്പകൾ)

| <u>അനുവദിച്ച തുക</u> | | <u>നിരക്ക്</u> |
|---|---|---|
| 1. 50,000 രൂപ വരെ | – | 9% |
| 2. 50,001 മുതൽ 3 ലക്ഷം വരെ | – | 10% |
| 3. 300001 മുതൽ 5 ലക്ഷം വരെ | – | 11% |
| 4. 5 ലക്ഷത്തിനു മുകളിൽ | – | 11.50% |

IV.b. Traders Consumer, 2nd hand vehicle, jewel purchase loan, .Cash Credit, NCDC KCC

| | | |
|---|---|---|
| 1. 50,000 രൂപ വരെ | – | 9.50% |

2. 50,001 മുതൽ 3 ലക്ഷം വരെ – 10.50%
3. 3 ലക്ഷത്തിനു മുകളിൽ – 11.50%

IV.c. എന്നാൽ വിവിധ വായ്പകളിൽ ഒരു വായ്പക്കാരന് പരമാവധി നൽകാവുന്ന ആനുകൂല്യം താഴെ പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | അടച്ചുതീർക്കേണ്ട പരമാവധി രൂപയിൽ കുടിശ്ശിക മുതൽ | നൽകാവുന്ന പലിശയിളവ് |
|---|---|---|
| 1. | 1 ലക്ഷം രൂപ വരെ | – പരിധിയില്ല |
| 2. | 1,00,001 മുതൽ 3 ലക്ഷം വരെ | – 1,50,000/– |
| 3. | 3,00,001 മുതൽ 5 ലക്ഷം വരെ | – 1,80,000/– |
| 4. | 500001 ന് മുകളിൽ | – 200000/– |

ഈ പദ്ധതി നടപ്പാക്കുന്നതുമൂലം പ്രാഥമിക ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടത്തിന്റെ 50% കേന്ദ്രബാങ്ക് വഹിക്കുന്നതാണ്. നഷ്ടം കണക്കാക്കുമ്പോൾ നിയമപ്രകാരം ഈടാക്കാവുന്ന പിഴപ്പലിശ മാത്രമേ കണക്കിലെടുക്കുകയുള്ളൂ.

## V. മറ്റ് ആനുകൂല്യങ്ങൾ

1. കാലാവധി കഴിഞ്ഞ ഹ്രസ്വകാല വായ്പകൾക്ക് നില്പ് മുതലും തുല്യമായ തുക പലിശയായും അടച്ചാൽ വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

2. എന്നാൽ കാലാവധി കഴിഞ്ഞ കാർഷിക കാർഷികേതര വായ്പ അനുവദിച്ച തുക 50,000 രൂപയോ അതിന് താഴെയോ ആണെങ്കിൽ മുതലും ഖണ്ഡിക IV (a) കണക്കനുസരിച്ച് കണക്കാക്കിയ പലിശയുടെ 25% ഉം അടച്ച് കടം കണക്കവസാനിപ്പിക്കാവുന്നതാണ്.

3. എന്നാൽ കാലാവധി കഴിഞ്ഞ വായ്പകളിൽ അനുവദിച്ച തുക 50,000/– രൂപയോ അതിന് താഴെയോ ആണെങ്കിൽ ബാക്കി നില്പ് തുക 10000/– രൂപയോ അതിനു താഴെയോ ആണെങ്കിൽ മുതൽ മാത്രം അടച്ച് കടം കണക്കവസാനിപ്പിക്കാവുന്നതാണ്. ഇപ്രകാരം അനുവദിക്കുന്ന ആനുകൂല്യം ഒരു വ്യക്തിയുടെ പരമാവധി 2 വായ്പകൾക്ക് മാത്രമേ ലഭിക്കുകയുള്ളൂ.

4. (a)എന്നാൽ കാലാവധി തീർന്നതും പലിശ മുതലിനൊപ്പം വരാത്തതുമായ വായ്പകൾ കാലാവധി വരെ ഗഹാൻ നിരക്കും കാലാവധിക്കുശേഷം ഖണ്ഡിക IV(a) IV(b) എന്നിവയിൽ പറഞ്ഞ നിരക്കിലും കണക്കാക്കിയ മൊത്തം പലിശയുടെ 75% കൂട്ടി തിരിച്ചടച്ച് കടം കണക്ക് അവസാനിപ്പിക്കാവുന്നതാണ്.